# ഗാന്ധിജി– ഗുരുദേവ സംവാദ അനുസ്മരണം നടത്തി

വർക്കല: വർക്കല വിശ്വസാഹോദര്യ സമിതിയുടെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധി- ഗുരുദേവസംവാദ അനുസ്മരണത്തിന്റെ 86-ാമത് വാർഷിക സമ്മേളനം നടന്നു. ടൗൺഹാളിൽ ചേർന്ന യോഗത്തിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി പ്രകാശാനന്ദ ഭദ്രദീപം കൊളുത്തി. വിശ്വസാഹോദര്യ സമിതി പ്രസിഡന്റ് ഡോ.പി. ചന്ദ്രമോഹൻ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. എ. സമ്പത്ത് എം.പി, വർക്കല കഹാർ എം.എൽ.എ, നഗരസഭാ ചെയർമാൻ കെ. സൂര്യപ്രകാശ്, പ്രൊഫ. കുമ്മിൾ സുകുമാരൻ, എം.എൻ. ത്യാഗരാജൻ, അഡ്വ. ജി.പുഷ്പാംഗദൻ എന്നിവർ സംസാരിച്ചു. ജനറൽകൺവീനർ പി.കെ. വിദ്യാധരൻ സ്വാഗതവും, അഡ്വ. നിയാസ് എ. സലാം നന്ദിയും പറഞ്ഞു.



വിശ്വസാഹോദര്യ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന മഹാത്മാഗാന്ധി- ഗുരുദേവ സംവാദത്തിന്റെ 86-ാം അനുസ്മരണ സമ്മേളനത്തിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി പ്രകാശാനന്ദ ഭദ്രദീപം തെളിക്കുന്നു. അഡ്വ. എ. സമ്പത്ത് എം.പി, വർക്കല കഹാർ എം.എൽ.എ തുടങ്ങിയവർ സമീപം.

## ശ്രീനാരായണ എംപ്ളോയീസ് ഫോറം സംസ്ഥാന സമ്മേളനം മേയ് 22 ന്

ആലുവ: ശ്രീനാരായണ എംപ്ളോയീസ് വെൽഫെയർ ഫോറം രണ്ടാം സംസ്ഥാന സമ്മേളനം മേയ് 22 ന് ആലുവ ടൗൺ ഹാളിൽ നടക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് ആപ്പാഞ്ചിറ പൊന്നപ്പൻ, സെക്രട്ടറി ജയരാജ് പുൽപ്പള്ളി എന്നിവർ അറിയിച്ചു.സ്വാഗതസംഘം രൂപീകരണ യോഗം ആലുവയിൽ എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്തു. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, പ്രസിഡന്റ് ഡോ. എം.എൻ. സോമൻ, തുഷാർ വെള്ളാപ്പള്ളി, അരയാക്കണ്ടി സന്തോഷ്, ആപ്പാഞ്ചിറ പൊന്നപ്പൻ (രക്ഷാധികാരികൾ), സി.വി. അനിൽകുമാർ (ചെയർമാൻ), ജയരാജ് പുൽപ്പള്ളി (ജനറൽ കൺവീനർ) തുടങ്ങിയവരാണ് സ്വാഗത സംഘം ഭാരവാഹികൾ.

# ഗ്ലോബൽ എനർജി പാർലമെന്റ്

തിരുവനന്തപുരം: നമ്മുടെ ചിരിയും കരച്ചിലും ഉൾപ്പെടെ പ്രകൃതിയിലുള്ളതെല്ലാം രസതന്ത്രമാണെന്ന് സ്വാമി ഈശ പറഞ്ഞു. നമ്മുടെ ശരീരത്തിൽ എന്തൊക്കെയുണ്ടോ അതെല്ലാം പ്രപഞ്ചത്തിലുമുണ്ട്-അദ്ദേഹം പറഞ്ഞു. ഗ്ലോബൽ എനർജി പാർലമെന്റ് ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടന ചടങ്ങിൽ പ്രാർത്ഥനാ പ്രഭാഷണം നടത്തുകയായിരുന്നു സ്വാമി.

തന്റെ സ്വസ്ഥതയ്ക്ക് വേണ്ടി ലോകത്തെ അസ്വസ്ഥമാക്കിയാൽ ശാശ്വതമായ സ്വസ്ഥത ലഭിക്കില്ല. സുനാമി പോലുള്ള വിപത്തുകൾ മുൻകൂട്ടി കാണാൻ മനുഷ്യർക്ക് കഴിയും. ഗവേഷണങ്ങൾ നാനോ ടെക്നോളജിക്കും അപ്പുറത്തേക്കു കടക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഗവേഷണകേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പ്രൊഫ. വി.എൻ. രാജശേഖരൻ പിള്ള നിർവഹിച്ചു. ജി.ഇ.പി ചെയർമാൻ ഡോ. എ. സുകുമാരൻ നായർ അദ്ധ്യക്ഷനായിരുന്നു. ഡോ. കെ.ആർ. ശിവദാസൻ, പ്രൊഫ. ലളിതാശാന്തകുമാർ, ഡോ. സി.എസ്.പി. അയ്യർ, ആർ. ഹേലി, ഡോ. വി. ഉണ്ണിക്കൃഷ്ണൻ നായർ, പ്രൊഫ. വി.കെ. ദാമോദരൻ തുടങ്ങിയവർ സംസാരിച്ചു.

ചടങ്ങിൽ പദ്മശ്രീ ലഭിച്ച ഡോ. എ. മാർത്താണ്ഡപിള്ള, ജി. ശങ്കർ, ഷാർജ മലയാളി അസോസിയേഷൻ അവാർഡു ലഭിച്ച ജി. ശേഖരൻ നായർ, ഭീമ അവാർഡു ലഭിച്ച പ്രൊഫ. കെ.കെ. വാസു എന്നിവരെ ആദരിച്ചു.



*കെ.എസ്.ആർ.ടി.സിയുടെ കേന്ദ്ര കലാസംഘടനയായ കെസ്ക നടത്തിയ 24-ാമത് അഖില കേരള നാടകോത്സവത്തിൽ ഏറ്റവും നല്ല നാടകകൃത്തായും നല്ല രണ്ടാമത്തെ നടനായും തിരഞ്ഞെടുക്കപ്പെട്ട അന്തിയൂർ മുരളി*



*ഗ്ലോബൽ എനർജി പാർലമെന്റ് റിസർച്ച് സെന്ററിന്റെ ഉദ്ഘാടനം ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. വി.എൻ. രാജശേഖരൻപിള്ള നിർവഹിക്കുന്നു.*

# ആളില്ലാ ലെവൽ ക്രോസിൽനിന്ന് ആളുള്ളതിലേക്ക് റോഡ് നിർമ്മിക്കും

**ശ്രുതി ശ്രീകുമാർ**

തിരുവനന്തപുരം: കാവൽക്കാരില്ലാത്ത റെയിൽവേ ലെവൽ ക്രോസുകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി അവിടെനിന്ന് റെയിൽപാതയോട് ചേർന്ന് കാവൽക്കാരുള്ള ലെവൽ ക്രോസുവരെ സമാന്തരമായി റോഡ് നിർമ്മിക്കും. ഇതിനുള്ള ശുപാർശ സുരക്ഷാ വിഭാഗം ഡിവിഷണൽ റെയിൽവേ മാനേജർക്ക് സമർപ്പിച്ചു. മാനേജരുടെ അംഗീകാരം ലഭിച്ചാൽ റോഡ് നിർമ്മാണം ആരംഭിക്കുമെന്ന് ഡിവിഷണൽ സേഫ്ടി ഓഫീസർ പി.കെ. ശെൽവൻ അറിയിച്ചു.

സംസ്ഥാനത്ത് 104 കാവൽക്കാരില്ലാത്ത ലെവൽ ക്രോസുകളുണ്ട്, ഇവയിൽ അപകടസാദ്ധ്യത കൂടുതലുള്ള 48 എണ്ണം ആലപ്പുഴ-എറണാകുളം പാതയിലാണ്. കാവൽക്കാരില്ലാത്ത ലെവൽ ക്രോസിൽനിന്ന് അര കിലോമീറ്റർ മാത്രം അകലത്തിൽ കാവൽക്കാരുള്ള ഒരു ലെവൽ ക്രോസ് ഉണ്ടാകും. ഇവ തമ്മിൽ ബന്ധിപ്പിക്കാനാണ് സമാന്തര റോഡ് നിർമ്മിക്കുന്നത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ രണ്ട് മാസംകൊണ്ട് നിർമ്മാണം പൂർത്തിയാവും.

തുടർന്ന് കാവൽക്കാരില്ലാത്ത ലെവൽ ക്രോസ് വഴിയുള്ള ഗതാഗതം നിറുത്തലാക്കുന്നതു സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായം തേടും. ജനങ്ങളിൽ നിന്ന് അനുകൂലമായ പ്രതികരണം ലഭിച്ചാൽ ഗേറ്റ് അടയ്ക്കാൻ കളക്ടറോട് ആവശ്യപ്പെടും.റെയിൽവേ ബോർഡ് നയം അനുസരിച്ച് പൊതുസ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള റെയിൽവേ ഗേറ്റ് അടച്ചുപൂട്ടാനുള്ള അധികാരം കളക്ടർക്കാണ്.

കാവൽക്കാരില്ലാത്ത എല്ലാ ലെവൽ ക്രോസുകളിൽ നിന്ന് സമാന്തര പാത നിർമ്മിക്കുന്നത് പ്രായോഗികമല്ലെന്ന് ശെൽവൻ പറഞ്ഞു. റെയിൽവേയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2010 ഏപ്രിൽ മുതൽ 2011 ഫെബ്രുവരി വരെ കാവൽക്കാരില്ലാത്ത ലെവൽ ക്രോസുകളിൽ ഉണ്ടായ മൂന്ന് അപകടങ്ങളിൽ ഏഴ് പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്,

# ശിവഗിരിമഠത്തിൽ അവധിക്കാല പഠനക്യാമ്പ്

ശിവഗിരി: ശിവഗിരിമഠത്തിൽ അവധിക്കാല പഠനക്യാമ്പ് ഏപ്രിൽ നാലിന് ആരംഭിക്കും. 10നും 15നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കാണ് പ്രവേശനം. കുട്ടികളുടെ വാസനാസങ്കല്പ- ധാരണകളിൽ ശാസ്ത്രീയമായ അവബോധമുണ്ടാക്കുകയും വ്യക്തിത്വ വികസനത്തിനുതകുന്ന വിധത്തിൽ ദിനചര്യകൾ ക്രമബദ്ധമാക്കുവാൻ സഹായിക്കലുമാണ് ക്യാമ്പിന്റെ ലക്ഷ്യം. യോഗ- ധ്യാന പരിശീലനവും ഗുരുദേവകൃതികളുടെ പാരായണവും ക്യാമ്പിന്റെ ഭാഗമാണ്.

താത്പര്യമുള്ള കുട്ടികൾ മാർച്ച് 31നകം പേര് രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക് 0470- 2605183, 2602986, 9809602060, 9388849993 എന്നീ നമ്പരുകളിൽ ബന്ധപ്പെടണമെന്ന് ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ട്രഷറർ സ്വാമി വിശാലാനന്ദ അറിയിച്ചു.